**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**

**19-06-2019**

**സമ്മേളന ദിവസങ്ങളിൽ യോഗം ചേരുന്നത് സംബന്ധിച്ച്**

മി. സ്പീക്കര്: നിയമസഭാ സമ്മേളനം ചേര്ന്നുകൊണ്ടിരിക്കുമ്പോള് എം.എല്.എ.-മാര് പങ്കെടുക്കുന്ന യോഗങ്ങള് വിളിക്കുന്നത് സഭയോടുള്ള അവഹേളനമായിത്തന്നെ കണക്കാക്കാവുന്നതാണ്. അത്തരം നടപടികള് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാര്ക്കെതിരെ കര്ശന നടപടികള് സ്വീകരിക്കാന് സര്ക്കാര് തയ്യാറാകാണം. അത് സഭയുടെ അവകാശ ലംഘനമായി പരിഗണിക്കുമെന്ന് ചെയര് അറിയിക്കുകയാണ്. ഒരു കാരണവശാലും ഇത് അംഗീകരിക്കാന് പറ്റില്ല. ഇത് തുടരാന് പാടില്ലെന്ന് റൂള് ചെയ്യുന്നു.

---------